No. CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# 2016–ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനം

## രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2016-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകൾക്കുപുറമെ എം.ബി.ബി.എസ്, ബി.ഡി.എസ്, മറ്റു മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേയ്ക്കുള്ള ആദ്യ അലോട്ട്മെന്റ് കൂടി നടത്തിയിട്ടുണ്ട്.

രണ്ടാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2016 ജൂലൈ 11 മുതൽ 15 വരെ** തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ ഓൺലൈനായോ ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് രണ്ടാം ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2016 ജൂലൈ 11** മുതൽ **15** വരെ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ ഓൺലൈനായോ ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് നിലവിലുള്ള എല്ലാ വിദ്യാർത്ഥികളും രണ്ടാം ഘട്ട അലോട്ട്മെന്റ് മെമ്മോ പ്രകാരമുള്ള കോളേജുകളിൽ **2016 ജൂലൈ 15–ാം തീയതി വൈകുന്നേരം 5 മണി**യ്ക്കകം പ്രവേശനം നേടിയിരിക്കേണ്ടതാണ്. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ പ്രവേശനം നേടേണ്ട തീയതിയും സമയവും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഷെഡ്യൂൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ഷെഡ്യൂൾ പ്രകാരം പ്രവേശനം നേടാൻ കഴിയാതെ വരുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജ് അധികൃതരുമായി ബന്ധപ്പെട്ട ശേഷം **2016 ജൂലൈ 15–ാം തീയതി വൈകുന്നേരം 5 മണി**യ്ക്കകം പ്രവേശനം നേടിയിരിക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. ഇവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ നിലവിലുള്ള ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.

പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് ജൂലൈ 20–ാം തീയതി പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിന് മുൻപായി നിലവിലുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനുമുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്: മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശനം നേടാതിരുന്നാൽ പ്രോസ്പെക്ടസ് ക്ലോസ് 12.2.4, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമാകുന്നതാണ്. ഇവർ അടച്ച ഫീസ് തിരികെ ലഭിക്കുന്നതിന് അർഹരല്ല. കൂടാതെ മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കി ടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി റദ്ദാക്കപ്പെടുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
10.07.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**